* പോളിങ് ബൂത്തുകളിൽ പുകവലി നിരോധിച്ചുകൊണ്ട് ഉത്തരവിറക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം.
* ഹിന്ദു മാര്യേജ് ആക്ട് ബാധകമല്ലാത്ത സംസ്ഥാനം.
* 1985-ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആക്ട് ബാധകമല്ലാത്ത സംസ്ഥാനം.
* ഹൈക്കോടതിക്ക് രണ്ട് ആസ്ഥാനങ്ങളുള്ള ഇന്ത്യൻ സംസ്ഥാനം (ജമ്മു/ശ്രീനഗർ).
* ഹിമാലയത്തിന് ഏറ്റവും കൂടുതൽ വീതിയുള്ള സംസ്ഥാനം.

ജാർഖണ്ഡ്

* ഇന്ത്യയിലെ ഏറ്റവും ധാതുസമ്പന്നമായ സംസ്ഥാനം
* വനാഞ്ചൽ എന്നും അറിയപ്പെട്ടിരുന്ന സംസ്ഥാനം
* ബിർസാ മുണ്ടയുടെ ജന്മവാർഷികത്തിൽ നിലവിൽവന്ന സംസ്ഥാനമാണ് ജാർഖണ്ഡ്.
* കുറ്റിക്കാടുകളുടെ നാട് എന്ന് പേരിനർഥമുള്ള സംസ്ഥാനം.

* കേരളം കൂടാതെ ആന സംസ്ഥാന മൃഗമായ മറ്റൊരു സംസ്ഥാനം (കർണാടകത്തിനും ഈ പ്രത്യേകത ഉണ്ട്).
* പശുക്കൾക്ക് ആധാർ കാർഡ് ഏർപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം.
* ഇന്ത്യയിൽ ആദ്യമായി ആദിവാസി പൊലീസ് ബറ്റാലിയൻ ആരംഭിച്ച സംസ്ഥാനം.

കർണാടകം

* ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്വർണം, സിൽക്ക്, ചന്ദനം എന്നിവഉൽപാദിപ്പിക്കുന്ന സംസ്ഥാനം
* പശ്ചിമഘട്ടത്തിന്റെ ഏറ്റവും കൂടുതൽ ഭാഗം (ഏകദേശം 60%)സ്ഥിതി ചെയ്യുന്ന സംസ്ഥാനം (ആറു സംസ്ഥാനങ്ങളിലായിട്ടാണ് പശ്ചിമഘട്ടം സ്ഥിതി ചെയ്യുന്നത്. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടകം, തമിഴ്നാട്, കേരളം)
* എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായും അതിർത്തി പങ്കിടുന്ന ഏക സംസ്ഥാനം
* ഒരു സംസ്ഥാനം, പല ലോകങ്ങൾ (One state Many Worlds) എന്ന പരസ്യവാക്യം സ്വീകരിച്ച ടൂറിസം വകുപ്പുള്ള സംസ്ഥാനം
* ഏറ്റവും കൂടുതൽ വിസ്തീർണമുള്ള തെക്കേ ഇന്ത്യൻ സംസ്ഥാനം.
* ഏറ്റവും കൂടുതൽ വനപ്രദേശമുള്ള തെക്കേ ഇന്ത്യൻ സംസ്ഥാനം.
* ഹെൽത്ത് അദാലത്ത് ആരംഭിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമാണ് കർണാടകം (2014).
* ഏറ്റവും കൂടുതൽ അധികാരമുള്ള ലോകായുക്ത നിലവിലുള്ള സംസ്ഥാനം.
* സോഫ്റ്റ്വെയർ കയറ്റുമതിയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനം.
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടുവകളുള്ളത് കർണാടകത്തിലാണ് (എന്നാൽ, കടുവാ സംസ്ഥാനം മധ്യപ്രദേശാണ്).
* സ്റ്റാർട്ടപ്പ് നയം ആവിഷ്കരിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം
* ആംഗ്ലോ-ഇന്ത്യക്കാർ ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം കർണാടകമാണ്.
* കേരളത്തെ കൂടാതെ ആന സംസ്ഥാന മൃഗമായ ദക്ഷിണേന്ത്യൻ സംസ്ഥാനം.
* കടുവ സംരക്ഷണത്തിനായി ടൈഗർ പ്രൊട്ടക്ഷൻ ഫോഴ്സ് രൂപവത്കരിച്ച ആദ്യ സംസ്ഥാനം.

കേരളം

* ഭരണഘടനയുടെ അനുച്ഛേദം 356 പ്രയോഗിക്കപ്പെട്ട ആദ്യ ഇന്ത്യൻ സംസ്ഥാനം

* 2011 സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനം
* സമ്പൂർണ സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനം (1991)
* സമ്പൂർണ ആദിവാസി സാക്ഷരത നേടിയ ആദ്യ ഇന്ത്യൻ സംസ്ഥാനം
* ദൈവത്തിന്റെ സ്വന്തം നാട് എന്ന പരസ്യവാക്യം സ്വീകരിച്ച സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ സുഗന്ധ വ്യഞ്ജനങ്ങൾ ഉൽപാദിപ്പിക്കുന്ന സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപാദിപ്പിക്കുന്ന സംസ്ഥാനം
* കടൽമാർഗം യൂറോപ്യൻമാർ ഇന്ത്യയിൽ ആദ്യമെത്തിയ പ്രദേശം
* ഇന്ത്യയിലാദ്യമായി ലോട്ടറി ആരംഭിച്ച സംസ്ഥാനം
* ഇന്ത്യയിലെ ആദ്യത്തെ ശിശുസൗഹൃദ സംസ്ഥാനം
* ടൂറിസത്തെ വ്യവസായമായി അംഗീകരിച്ച ആദ്യ സംസ്ഥാനം.
* ഇന്ത്യയിലാദ്യമായി കമ്യൂണിറ്റി പോലീസിംഗ് സർക്കാർ പദ്ധതിയായി ആവിഷ്കരിച്ച സംസ്ഥാനം.
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ പേർ വിദേശത്ത് ജോലിക്ക് പോകുന്ന സംസ്ഥാനം.
* ഇന്ത്യയിൽ പ്രവാസികാര്യവകുപ്പ് ആരംഭിച്ച ആദ്യത്തെ സംസ്ഥാനം.
* ഇന്ത്യയിൽ ഒരു ദുരന്ത നിവാരണ അതോറിറ്റി സ്ഥാപിച്ച ആദ്യത്തെ സംസ്ഥാനം (2007 മെയ് 9)
* ഇന്ത്യയിൽ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയ ആദ്യ സംസ്ഥാനം
* ഇന്ത്യയിൽ പ്രവാസി ക്ഷേമനിധി പദ്ധതി ആരംഭിച്ച ആദ്യത്തെ സംസ്ഥാനം.
* ഇന്ത്യയിലാദ്യമായി റബ്ബർ കൃഷി ആരംഭിച്ച സംസ്ഥാനം.
* ഇന്ത്യയിൽനിന്ന് സൂപ്പർ ബ്രാൻഡായി തിരഞ്ഞെടുക്കപ്പെട്ട ഏക വിനോദ സഞ്ചാര കേന്ദ്രം.
* ഭൂപരിഷ്കരണം നടപ്പാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം.
* മുഴുവൻ ഗ്രാമങ്ങളെയും റോഡുമുഖേന ബന്ധിപ്പിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം.
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചെമ്മീൻ കയറ്റുമതി ചെയ്യുന്ന സംസ്ഥാനം.
* ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ബാങ്കിംഗ് സംസ്ഥാനം.
* എല്ലാ ഗ്രാമങ്ങളിലും പോസ്റ്റോഫീസ് ഉള്ള ആദ്യ ഇന്ത്യൻ സംസ്ഥാനം.
* മുഖ്യമന്ത്രിയുടെ ഓഫീസിന്റെ തത്സമയ വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം
* ഇന്ത്യയിലാദ്യമായി മുഖ്യമന്ത്രിയുടെ ഓഫീസിൽ കോൾ സെന്റർ സ്ഥാപിച്ച സംസ്ഥാനം
* 24 മണിക്കൂറും പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ ഓഫീസ് എന്ന പ്രത്യേകത സ്വന്തമാക്കിയ ആദ്യ സംസ്ഥാനം
* ഇന്ത്യയിൽ ശിശുക്കളുടെ അവകാശത്തിൽ ഒന്നാം സ്ഥാനമുള്ള സംസ്ഥാനം
* ഇന്ത്യയിൽ ശൈവവ വിവാഹ സൂചികയിൽ ഏറ്റവും താഴ്ന്ന റാങ്കുള്ള സംസ്ഥാനം
* തെക്കുപടിഞ്ഞാറൻ മൺസൂണിൽ നിന്ന് മഴ ലഭിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം.

മധ്യപ്രദേശ്

* ഇന്ത്യൻസംസ്ഥാനങ്ങളിൽ വിസ്തീർണാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വനമുള്ളത് (ശതമാനാടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് മിസൊറം ആണ്)
* ഇന്ത്യയുടെ ഹൃദയം എന്നറിയപ്പെടുന്ന സംസ്ഥാനം
* ടൈഗർ സ്റ്റേറ്റ് ഓഫ് ഇന്ത്യ എന്നറിയപ്പെടുന്ന സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ വജ്രം ഖനനം ചെയ്യുന്ന സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദേശീയോദ്യാനങ്ങളുള്ള സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഗിരിവർഗക്കാർ ഉള്ള സംസ്ഥാനം
* ഭരണഘടനയുടെ 73-ാമത്തെ ഭേദഗതിക്കുശേഷം പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് തിരഞ്ഞെടുപ്പ് നടത്തിയ ആദ്യത്തെ സംസ്ഥാനം

* ഭഗവത്ഗീത സിലബസിൽ ഉൾപ്പെടുത്താൻ തീരുമാനിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം
* 1993-ൽ നിലവിൽവന്ന 73-ാം ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് സംവിധാനം ഭരണഘടനാധിഷ്ഠിതമായി. അതിനുശേഷം തദ്ദേശസ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തിയ ആദ്യ സംസ്ഥാനം മധ്യപ്രദേശാണ്.
* ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം ഗുട്ക നിരോധിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം.
* സേവനാവകാശനിയമം പാസാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം (2010).
* ലോക്സഭയിൽ പട്ടികവർഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളുടെ എണ്ണം ഏറ്റവും കൂടുതലുള്ള സംസ്ഥാനം.
* വനിതകൾക്ക് സർക്കാർ ഉദ്യോഗങ്ങളിൽ 33 ശതമാനം സംവരണം 2015-ൽ പ്രഖ്യാപിച്ച ഇന്ത്യൻ സംസ്ഥാനം.
* സന്തോഷ മന്ത്രാലയം രൂപവത്കരിക്കാൻ തീരുമാനിച്ച ആദ്യ സംസ്ഥാനം (2016).
* സാമ്പത്തിക വർഷത്തിനെ ഏപ്രിൽ- മാർച്ചിനു പകരം ജനുവരി-ഡിസംബർ ഫോർമാറ്റിലേക്ക് മാറ്റിയ ആദ്യ ഇന്ത്യൻ സംസ്ഥാനം (2017)
* ഇന്ത്യയിലെ ആദ്യത്തെ കൗ സാങ്ചറി നിലവിൽ വന്ന സംസ്ഥാനം (2017).
* പന്ത്രണ്ടോ അതിൽ താഴെയോ പ്രായമുള്ള പെൺകുട്ടികളെ ബലാത്സംഗം ചെയ്യുന്നവർക്ക് വധശിക്ഷ നൽകുന്നതിനുള്ള ബിൽ രാജ്യത്താദ്യമായി പാസാക്കിയ സംസ്ഥാനം (2017).

മഹാരാഷ്ട്ര

* വ്യാവസായികമായി ഏറ്റവും മുന്നിട്ടു നിൽക്കുന്ന സംസ്ഥാനം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ വന്യജീവി സങ്കേതങ്ങളുള്ള സംസ്ഥാനം
* ജൈനരുടെ അനുപാതം ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം
* ജൈനർ എണ്ണത്തിൽ ഏറ്റവും കൂടുതലുള്ള സംസ്ഥാനം
* ഇന്ത്യയിൽ ചേരി ജനസംഖ്യ (slum population) ഏറ്റവും കൂടുതലുള്ള സംസ്ഥാനം
* ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും വലിയ റോഡ് ശൃംഖലയുള്ള സംസ്ഥാനം
* ഇന്ത്യയിലെ കടൽത്തീരമുള്ള സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ വിസ്തീർണമുള്ള സംസ്ഥാനം
* നാഗ്പൂർ ഉടമ്പടിയുടെ (1953) ഫലമായി 1956-ൽ നിലവിൽവന്ന സംസ്ഥാനം
* ദുർമന്ത്രവാദത്തിനും അന്ധവിശ്വാസത്തിനും എതിരെ നിയമം പാസാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര.
* ഇന്ത്യയിലെ ഏറ്റവും ദുർബലമായ ലോകായുക്ത സംവിധാനമുള്ള സംസ്ഥാനമായി മഹാരാഷ്ട്ര വിലയിരുത്തപ്പെടുന്നു.
* നഗര ജനസംഖ്യ (urban population) ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര .
* ലോകായുക്തയെ നിയമിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം മഹാരാഷ്ട്രയാണ് (1971).

PSC HUNT